"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.അൻവർ ഹുസൈൻ റാവുത്തർ, തൈവിളയിൽ ഹൗസ്, ചെറിയനാട്, കൊല്ലക്കടവ് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.414/2026/ID തീയതി,തിരുവനന്തപുരം, 31-03-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 11.12.2024 തീയതിയിലെ DOALA-DMG/439/2024-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.അൻവർ ഹുസൈൻ റാവുത്തർ, തൈവിളയിൽ ഹൗസ്, ചെറിയനാട്, കൊല്ലക്കടവ് 20/01/2025 -ന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 12.02.2025 തീയതിയിലെ DOALA-DMG/439/2024-M നമ്പർ

4 17/06/2025 തീയതിയിലെ എ4/33/2024/വ്യവ നമ്പർ സർക്കാർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ സർവ്വേ നം172/1, 172/1-19-ൽ പ്പെട്ടതും ശ്രീ.അൻവർ ഹുസൈൻ റാവുത്തറിന്റെ കൈവശത്തിലുള്ളതുമായ സ്ഥലത്തു 15000 MT Granite Aggregates Stock ചെയ്ത് വിപണനം ചെയ്യുന്നതിന് ഡീലേഴ്സ് ലൈസൻസ് നല്കിയിരുന്നു. പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ KOMPAS Stock Report- ൽ നിന്നും 7279.377 MT Stock വ്യത്യാസം ഉള്ളതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് അനധികൃതമായി വിപണനം ചെയ്ത 7279.377 MT Granite Aggregates ന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ ആകെ **1847050/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 11.12.2024 ൽ** പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ പരാമർശം (2) പ്രകാരം ശ്രീ.അൻവർ ഹുസൈൻ റാവുത്തർ, തൈവിളയിൽ ഹൗസ്, ചെറിയനാട്, കൊല്ലക്കടവ് സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2 . അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് **06.03.2025** ന് അപ്പീൽ അധികാരിയായ

അഡീഷണൽ സെക്രട്ടറി നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിക്കു വേണ്ടി ടിയാൻ ചുമതലപ്പെടുത്തിയ ശ്രീ രാജേഷും, ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് അഡീഷണൽ ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജിയിൽമേൽ ആലപ്പുഴ ജില്ല ജിയോളജിസ്റ്റ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ ബ്ലോക്ക് 6ൽ സർവ്വേ നമ്പർ 172/1, 172/1-19-ൽ പ്പെട്ടതും അപ്പിൽ കക്ഷിയായ ശ്രീ.അൻവർ ഹുസൈൻ റാവുത്തറിന്റെ കൈവശത്തിലിരിക്കുന്ന 18.6 ares സ്ഥലത്ത് 15000 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സംഭരിച്ച് വിപണനം നടത്തുന്നതിന് Form G No. 06/2023-2024/GBS/DOALA-DMG/323/2023-M dt. 05.05.2023 പ്രകാരം 05/05/2023 മുതൽ 4.5.2024 തീയതിവരെ കാലാവധിയായി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിരുന്നതാണ്. ടി സ്ഥലത്ത് 24.4.2027 തീയതി വരെ രജിസ്ട്രേഷൻ നിലവിലുള്ളതാണ്. 04.05.2024 തീയതി യിൽ ഡീലേഴ്സ് ലൈസൻസ് കാലാവധി അവസാനിച്ച സാഹചര്യത്തിൽ അനുമതി പുതുക്കുന്നതിനായി അപ്പീൽ കക്ഷി 24.7.2024 അപേക്ഷ സമർപ്പിക്കുകയും, അപേക്ഷയും അനുബന്ധരേഖകളും ക്രമപ്രകാരമാണെന്ന് കണ്ടതിൻ്റെ അടിസ്ഥാനത്തിലും, 29.10.2024 -ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ സ്ഥലത്ത് 250 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് കണ്ടെത്താനായി. എന്നാൽ KOMPAS stock report -ൽ 4.5.2024 -ലെ closing stock 7529 മെട്രിക് ടൺ ആണ്. ആയതുപ്രകാരം 7279.377 മെട്രിക് ടൺ സ്റ്റോക്ക് വ്യത്യാസം ഉള്ളതായി കാണുകയും ചെയ്തു. ഇതിൽ നിന്നും മനസ്സിലാകുന്നത് 7279.377 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ അനധികൃതമായി വില്പന നടത്തി എന്നതാണ്. 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 25(1) പ്രകാരം " Every producer or dealer of mineral or its products under these rules shall give valid mineral transit passes in form O(A) of these rules to every purchaser or person-in-charge of the carrier transporting the mineral from mine or sales depot or mineral processing unit in the manner stipulated in Rule 26.

കൂടാതെ 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗല് മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 25(2) പ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ചയാൾ തൻറെ ഡി.എൽ യാർഡ്/ഡിപ്പോ-ൽ നിന്നും സ്റ്റോക്ക് ചെയ്ത ധാതുക്കൾ വില്പന/ഗതാഗതം ചെയ്യുന്നതിന് മൂവ്മെൻറ് പെർമിറ്റ് സമ്പാദിക്കുകയും തുടർന്ന് ആയതു പ്രകാരമുള്ള Form 0(A) -ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ നേടണമെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്പീൽ കക്ഷി 7279.377 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേ റ്റ്സിന് മൂവ്മെൻറ് പെർമിറ്റിന് അപേക്ഷിക്കുകയോ Form 0(A) ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി കുറ്റകരവും 1957ലെ മൈൻസ് & മിനറൽസ്(ഡെവലപ്മെൻറ് & റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 21(2) പ്രകാരം ശിക്ഷാർഹമാണ്. ടി കുറ്റത്തിന് അനധികൃതമായി കടത്തിയ ധാതുവിൻ്റെ റോയ ൽറ്റി, വില(റോയൽറ്റിയുടെ 4 ഇരട്ടി), പിഴ എന്നിവ 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം

ഈടാക്കേണ്ടതാണ്. സ്റ്റോക്ക് വ്യത്യാസത്തിൻ്റെ കാരണം എന്താണെന്നു സ്ഥലപരിശോധനാ വേളയിൽ ടി സ്ഥലത്ത് ഹാജരുണ്ടായിരുന്ന് ശ്രീ. അർഷാദ്, ആസിഫ് എന്നിവരോട് അന്വേഷിച്ചതിൽ, മുൻപ് Online പാസ്സുകൾ നല്കിയിരുന്നതും KOMPAS പോർട്ടൽ കൈകാര്യം ചെയ്തിരുന്നതുമായ വ്യക്തി ലൈസൻസ് കാലയളവ് അവസാനം സമയം ജോലി ഉപേക്ഷിച്ചു പോയി എന്നും KOMPAS -ൽ കണ്ട closing സ്റ്റോക്ക് 7529 മെട്രിക് ടൺ എന്നത് 7529 ക്യുബിക് അടി ആയി തെറ്റിദ്ധരിച്ചു എന്നൊക്കെ ആണ് വിശദീകരണം നൽകിയത്. ടി സ്ഥാപനത്തിൻ്റെ കാഷ്യറുടെ സാന്നിദ്ധ്യത്തിൽ മഹസ്സർ തയ്യാറാക്കി സ്ഥല പരിശോധനയിൽ സ്ഥലത്ത് അനധികൃത വിപണനം നടന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ്റെ അടിസ്ഥാനത്തിൽ 21.11.2024-ന് കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകുവാൻ സാവകാശം വേണം എന്ന് അപ്പീൽ കക്ഷി ഇ-മെയിൽ മുഖേന അറിയിച്ചതിന് പ്രകാരം 9.12.2024ലേക്ക് ഹിയറിംഗ് തീയതി പുനഃക്രമീകരിച്ച് നോട്ടീസ് നൽകി. 9.12.2024ൽ അപ്പിൽ കക്ഷിയായ ശ്രീ. അൻവർ ഹുസൈൻ റാവുത്തർ ആശുപത്രിയിൽ ചികിത്സയിൽ ആയതിനാൽ ശ്രീ. സിറാജ് എന്ന വ്യക്തി ഹിയറിംഗിന് ഹാജരാകുകയും അപ്പീൽ കക്ഷിയുടെ എഴുതി തയ്യാറാക്കിയ വിശദീകരണം സമർപ്പിക്കുകയും ചെയ്തു. ടി വിശദീകരണത്തിൽ "KOMPAS Stock report എന്ന് പ്രതിപാദിച്ചിട്ടുള്ളത് എന്താണ് എന്ന് അപ്പിൽ കക്ഷിക്കു അറിവില്ലാ എന്നും ജിയോളജി ഓഫീസിൽ സൂക്ഷിച്ചു വരുന്ന സ്റ്റേറ്റ്മെൻറ് ആണ് എന്നാണ് തനിക്ക് മനസ്സിലായത് എന്നും അറിയിച്ചു. ടി വിശദീകരണം അംഗീകരിക്കാൻ കഴിയാത്തതിനാൽ 7279.377 മെട്രിക് ടൺ സ്റ്റോക്ക് വ്യത്യാസത്തിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീ എന്നിവ ചേർത്ത് 18,47,050/- രൂപ സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതായുണ്ട് എന്ന് കാണിച്ച് 1.122024-ന് ഡിമാൻഡ് നോട്ടീസ് നൽകി. അപ്പീൽ കക്ഷി തൻ്റെ സ്റ്റോക്ക് യാർഡിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ, 7279.377 മെട്രിക് ടൺ ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സർക്കാരിൽ നഷ്ടം വരുത്തിക്കൊണ്ട് നിയമങ്ങൾ പാലിക്കാതെ അനധികൃതമായി കടത്തിയിട്ടുള്ളത് "KOMPAS stock report", ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധന എന്നിവയിൽ നിന്നും വളരെ വ്യക്തമാണ്. വളരെ നാളുകളായി നിയമപ്രകാരം ഡീലേഴ്സ് ലൈസ ൻസ് സമ്പാദിച്ച് സ്റ്റോക്ക് യാർഡ് നടത്തി വരുന്ന അപ്പിൽ കക്ഷിക്ക് ആയതുമായി ബന്ധപ്പെട്ട് നിയമങ്ങൾ അറിയില്ല എന്നത് അംഗീകരിക്കാൻ കഴിയില്ല. ടി സാഹചര്യത്തിൽ അപ്പീൽ കക്ഷിയുടെ അപേക്ഷ തള്ളി പ്രസ്തുത തുക ഒടുക്കുവാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് ഉണ്ടാകേണ്ടതാണ്.

5. അപ്പീൽ അധികാരി ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ സർവ്വേ നം 172/1, 172/1-19-ൽ പ്പെട്ടതും അപ്പിൽ കക്ഷിയായ ശ്രീ.അൻവർ ഹുസൈൻ റാവുത്തറിന്റെ കൈവശത്തിലിരിക്കുന്നതുമായ 18.6 ares സ്ഥലത്ത് 15000 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സംഭരിച്ച് വിപണനം നടത്തുന്നതിന് No. 06/2023-2024/GBS/DOALA-DMG/323/2023-M dt. 05.05.2023 പ്രകാരം 05/05/2023 മുതൽ 4.5.2024 തീയതിവരെ കാലാവധിയായി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം ഡീലേഴ്സ് ലൈസൻസ് നല്കിയതു പ്രകാരം, പ്രസ്തുത സ്ഥലത്ത് ഡീലേഴ്സ് ലൈസൻസ് പുതുക്കുന്നതിനായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ സ്ഥലത്ത് 250 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കണ്ടു . എന്നാൽ KOMPAS stock report -ൽ 4.5.2024 -ലെ closing stock

7529 മെട്രിക് ടൺ ആണ്.അതായത് KOMPAS Stock Report- ൽ നിന്നും 7279.377 മെട്രിക് ടൺ Stock വ്യത്യാസം ഉണ്ടായിരുന്നു.ഇതിൽ നിന്നും മനസ്സിലാകുന്നത് 7279.377 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് മിനറൽ ട്രാൻസിറ്റ് പാസുകൾ നൽകാതെ അനധികൃതമായി വില്പന നടത്തി എന്നതാണ്. 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗല് മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 25(2) പ്രകാരം ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ചയാൾ തൻറെ ഡി.എൽ യാർഡ്/ഡിപ്പോ-ൽ നിന്നും സ്റ്റോക്ക് ചെയ്ത ധാതുക്കൾ വില്പന/ഗതാഗതം ചെയ്യുന്നതിന് മൂവ്മെൻറ് പെർമിറ്റ് സമ്പാദിക്കുകയും തുടർന്ന് ആയതു പ്രകാരമുളള Form 0(A) - ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ നേടണമെന്നും വ്യക്ത മായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്പിൽ കക്ഷി 7279.377 മെട്രിക് ടൺ ഗ്രാനൈറ്റ് അഗ്രിഗേ റ്റ്സിന് മൂവ്മെൻറ് പെർമിറ്റിന് അപേക്ഷിക്കുകയോ Form 0(A) ൽ ഉള്ള മിനറൽ ട്രാൻസിറ്റ് പാസുകൾ എടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി പ്രവൃത്തി 1957ലെ മൈൻസ് & മിനറൽസ്(ഡെവലപ്മെൻറ് & റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 21(2), 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 21,23 എന്നിവ പ്രകാരം കുറ്റകരമാണ്.ടി കുറ്റത്തിന് 2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്, & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം പെനാൽറ്റി ഈടാക്കേണ്ടതാണ്. അതിനാൽ അനധികൃതമായി വിപണനം നടത്തിയ ധാതുവിനെറ പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനാണ്.ഈ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനധികൃതമായി വിപണനം നടത്തിയ 7279.377 മെട്രിക് ടൺ ഗ്രാനൈറ്റിനെറ റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ ആകെ 18,47,050/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 11.12.2024 ൽ പരാമർശം (1) പ്രകാരം നൽകിയ ഡിമാൻറ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിനെറ അടിസ്ഥാനത്തിലുള്ള തുക കക്ഷിയിൽ നിന്നും അടിയന്തരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും, കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ ഡീലേഴ്സ് ലൈസെൻസ് നൽകുവാനോ പുതുക്കി നൽകുവാനോ പാടില്ലെന്ന് 2015 ലെ കേരളാ മിനറൽസ് (പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ കക്ഷി മറ്റു തരത്തിൽ യോഗ്യനാണെങ്കിൽ ഡീലേഴ്സ് ലെസൈൻസ് പുതുക്കി നൽകുന്നതിനും ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി കൊണ്ട് ശ്രീ.അൻവർ ഹുസൈൻ റാവുത്തർ, തൈവിളയിൽ ഹൗസ്, ചെറിയനാട്, കൊല്ലക്കടവ്, പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.അൻവർ ഹുസൈൻ റാവുത്തർ, തൈവിളയിൽ ഹൗസ്, ചെറിയനാട്, കൊല്ലക്കടവ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 31-03-2026 12:05:24